**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 797** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ പരീക്ഷാ ബോർഡ് കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ പരീക്ഷാ ബോർഡ് കമ്പ്യൂട്ടർവൽക്കരിച്ച് പരീക്ഷ പൂർണ്ണമായും ഓൺലൈനായി നടത്തുവാനും അപേക്ഷ മുതൽ വാല്യുവേഷൻ വരെ കുറ്റമറ്റതാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് കമ്പ്യൂട്ടർവൽക്കരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ സംഘം/ബാങ്കുകൾക്ക് ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br><br>ഉദ്യോഗാർത്ഥികൾക്ക് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഒറ്റത്തവണ രജിസ്ട്രേഷൻ, പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ ഓൺലൈനായി ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.<br><br>പരീക്ഷ ഓൺലൈനായി നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഓൺലൈൻ പരീക്ഷ നടത്തുവാൻ സാധിക്കുകയുള്ളൂ.<br><br>പരീക്ഷാ നടത്തിപ്പും വാല്യൂവേഷൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണവുമടക്കമുള്ള നടപടിക്രമങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ന്റെ ആസ്ഥാന മന്ദിരത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ; കേപ്പിന്റെ കീഴിൽ രൂപീകരിക്കപ്പെട്ട നൈപുണ്യ വികസന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) - ന്റെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ഈ കെട്ടിടത്തിൽ നടന്നുവരുന്നു.<br><br>സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായിട്ടാണ് താഴെപ്പറയുന്ന ലക്ഷ്യങ്ങൾ |

| | | | |
|---|---|---|---|
| | | | മുൻനിർത്തി Skill and Knowledge Development Centre (SKDC) ന് രൂപം നൽകിയിട്ടുള്ളത്.<br><br>1. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള K-Disc ന്റെ ഒരു വൈദഗ്ധ്യ പങ്കാളിയായി വൈദഗ്ധ്യം, അറിവ് എന്നിവ വികസിപ്പിക്കുന്ന സ്ഥാപനം ആയി പ്രവർത്തിക്കുക.<br>2. Knowledge Economy – യെ സഹായിക്കുന്ന വൈദഗ്ധ്യ വികസനത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കുക.<br>3. Knowledge Economy – യുടെ വിവിധ മേഖലകളിൽ അറിവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കുക.<br>4. യുവാക്കളുടെ വൈദഗ്ധ്യം, അറിവ് എന്നിവ വികസിപ്പിച്ച് അവരെ പുതിയ മേഖലകളിലെ പ്രവർത്തനത്തിന് പ്രാപ്തരാക്കുക.<br>5. യുവാക്കളുടെ തൊഴിൽ അവസരങ്ങൾ വികസിപ്പിക്കുന്നതിനായി അവരെ പുതിയ മേഖലകൾ കണ്ടെത്താൻ പ്രാപ്തരാക്കുക.<br>6. എൻജിനീയറിംഗ് ബിരുദധാരികൾക്ക് ആധുനിക കാലത്തെ പുതിയ മേഖലകളായ AI, Machine learning, Blockchain, Cyber security, Data എന്നീ മേഖലകളിൽ പരിശീലനം നൽകുക.<br>7. ഉദ്യോഗാർത്ഥികൾക്ക് വിദേശഭാഷകളിൽ പരിജ്ഞാനം നൽകി അവരെ വിദേശ തൊഴിലിന് പ്രാപ്തരാക്കുക. |
| (സി) | സഹകരണ മേഖലയിലെ ഇ-ഓഫീസ് സംവിധാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | പൂർത്തീകരിച്ചിട്ടുണ്ട്. നാഷണൽ ഇൻഫർമേറ്റിക് സെന്ററിന്റെ (എൻ.ഐ.സി) ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലും സഹകരണ ഓഡിറ്റ് ഡയറക്ടേറ്റിലും 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിലും, 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ